# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4948

22.05.2017-ൽ
മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിൽ എന്തൊക്കെ സേവനങ്ങളാണ് ഓൺലൈനിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | എ) 1. ബാധ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റ് കക്ഷികൾക്ക് ഓൺലൈനായി ലഭിക്കുന്നതിനും സാധിക്കുന്നു.<br>2. ആധാര രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾ നൽകി ഓൺലൈനായി ടോക്കൺ എടുക്കുവാനുള്ള സൗകര്യം.<br>3. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷ ഓൺലൈനായി നൽകുവാനുള്ള സൗകര്യം.<br>4. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി നൽകുവാനുള്ള സൗകര്യം. |
| ബി) ഇപ്പോൾ ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്; ഓൺലൈനായി വിവരങ്ങൾ നൽകി, രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കിയ ശേഷം കക്ഷികൾക്ക് ഓഫീസിൽ ആധാരം ഹാജരാക്കി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്. |
| സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ പൂർണ്ണമായ നെറ്റ് വർക്ക് സംവിധാനം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |

| | |
|---|---|
| ഡി) വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ